"ഭരണഭാഷ - മാതൃഭാഷ"

**വളരെ അടിയന്തിരം**

## വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/6344/2014(2)

ചാക്ക, തിരുവനന്തപുരം
തീയതി: 04.07.2014

### ചുറ്ററിയിപ്പ്

വിഷയം:- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2014 (പഴയ സ്കിം) -ഹാൾടിക്കറ്റുകളുടെ വിതരണം- വിവരങ്ങൾ അറിയിക്കുന്നത്- സംബന്ധിച്ച്:-

പഴയ സ്കീമിലുള്ള എ.ഐ.ടി.ടി ജൂലൈ 2014 ന്റെ ഹാൾടിക്കറ്റുകൾ 8/7/14 മുതൽ വിവിധ നോഡൽ ഐ.ടി.ഐകളിൽ എത്തിക്കും. നോഡൽ ഐ.ടി.ഐകളിൽ നിന്നും 9/7/14 മുതൽ ബന്ധപ്പെട്ട ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഹാൾടിക്കറ്റുകൾ കൈപ്പറ്റേണ്ടതാണ്. പരീക്ഷ എഴുതാൻ അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ ട്രേഡ് തിരിച്ച് പട്ടികയാക്കി ഹാൾടിക്കറ്റ് കൈപ്പറ്റാൻ ഹാജരാകുമ്പോൾ ബന്ധപ്പെട്ട ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ കൊണ്ട് വരേണ്ടതാണ്. ഒരു കാരണവശാലും അപേക്ഷ സമർപ്പിച്ചിട്ടുള്ള ട്രെയിനികളുടെ വിവരങ്ങൾ പട്ടികയാക്കി ഹാജരാകാത്ത സ്ഥാപനങ്ങൾക്ക് ഹാൾടിക്കറ്റുകൾ വിതരണം നടത്താൻ പാടില്ല. ആയത് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാത്ത ട്രെയിനികൾക്ക് ഹാൾടിക്കറ്റ് വന്നിട്ടുണ്ടെങ്കിൽ ആയത് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് തിരികെ സമർപ്പിക്കേണ്ടതുമാണ്. ഹാൾടിക്കറ്റുകൾ 11.7.14 മുതൽ ട്രെയിനികൾക്ക് വിതരണം നടത്തേണ്ടതുമാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്;- വകുപ്പ് വെബ്സൈറ്റിലേക്ക്

എ-7.7.14